# 60. ആദ്യം നാടകം, പിന്നെ മാത്രം പരീക്ഷണം

മലയാളത്തിലെ നാടകവേദിക്ക് 1982-ൽ നൂറു വയസ്സു തികയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പല തരത്തിലുള്ള രംഗകലകളും നൂററാണ്ടുകൾക്കു മുമ്പുതന്നെ കേരളത്തിൽ നിലവിലുണ്ടായിരുന്നു എന്നതിനു സംശയമില്ല. പറൈയൂർ കൂത്തച്ചാക്കൈയൻ ആടിയ കൊട്ടിച്ചേതം എന്ന അർദ്ധനാരീശ്വര നൃത്തത്തെപ്പററി ചിലപ്പതികാരം പ്രസ്താവിക്കുന്നുണ്ട്. കൂടിയാട്ടമെന്ന സംസ്കൃത നാടകാഭിനയം പണ്ടുമുതല്ക്കേ കേരളത്തിൽ നിലവിലുണ്ടായിരുന്നു. ഈ അഭിനയത്തിനുവേണ്ടി നിർമിക്കപ്പെട്ടവയും 'കൂത്തമ്പലങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്നവയുമായ തിയേററുകൾ കേരളത്തിലെ പല മഹാക്ഷേത്രങ്ങളിലുമുണ്ട്. ക്ഷേത്രത്തിന്റെ അവിഭാജ്യഭാഗമായാണ് അവ കരുതപ്പെടുന്നതു് തീയാട്ട്, മുടിയേററ്, തിറ, കളിയാട്ടം മുതലായ അനുഷ്ഠാനകലകളിലും അഭിനയത്തിനു സ്ഥാനമുണ്ട്. വിശ്വരംഗവേദിയിൽത്തന്നെ സ്ഥാനം നേടിയ അഭിനയകലയാണല്ലോ കഥകളി. തുള്ളൽ, പാഠകം തുടങ്ങി വാചികത്തോടൊപ്പം ആംഗികാഭിനയത്തിനും പ്രാധാന്യം നൽകുന്ന കലകൾ വേറെയുണ്ട്. കർണാടകത്തിലും തുളുവിലുമുള്ള യക്ഷഗാനത്തിന്റെ വളർച്ചയിൽ ഉത്തരകേരളം നൽകിയ സംഭാവനകളേയും നാം കണക്കിലെടുത്തേ മതിയാവൂ.

അങ്ങനെ നോക്കിയാൽ കേരളത്തിലെ അഭിനയകലയ്ക്കു നൂറല്ല, എണ്ണൂറോ ആയിരമോ അതിലേറെയോ വയസ്സായി എന്നു പറയേണ്ടിവരും. പക്ഷേ, നാം ഇന്നറിയുന്നതരത്തിലുള്ള മലയാളനാടകാഭിനയത്തിന്റെ പ്രാരംഭം കണക്കാക്കുന്നതു് 'സദാരാമ'യുടെ രംഗപ്രയോഗംമുതല്ക്കാണ്. ഈ അടിസ്ഥാനത്തിലാണ് മലയാളനാടകത്തിന് ഈയാണ്ടിൽ നൂറു വയസ്സു തികയുമെന്നു പറയുന്നതു്.

നൂറുവർഷം ഒരു കലയുടെ ചരിത്രത്തിൽ നിസ്സാരമായ കാലഘട്ടമല്ല. പല കലകളും ആരംഭിച്ച് ഒരു നൂററാണ്ടു തികയും മുമ്പേ പരിപൂർണതയിലെത്തിയതായി കാണുന്നുണ്ട്. ഭാസ-സൗമില്ലക-കവിപുത്രന്മാരുടെ കാലത്തിൽനിന്ന് കാളിദാസന്റെ കാലത്തേക്ക് താരതമ്യേന അല്പം ദൂരമേയുള്ളൂ. കഥകളിക്ക് ക്ലാസ്സിക്കൽ പൂർണത കൈവന്നതു് എത്ര കുറച്ചു കാലംകൊണ്ടാണ്! കൊട്ടാരക്കര തമ്പുരാനിൽനിന്നു കോട്ടയം തമ്പുരാനിലേക്ക് എത്ര വേഗത്തിലാണ് കളിയരങ്ങു വളർന്നതു്! ഒരു ഷേക്സ്പിയറെ നേടുവാൻ ഇംഗ്ലീഷ് നാടകവേദിക്ക് വളരെക്കാലം കാത്തിരിക്കേണ്ടി വന്നില്ല. പല കലകളും പൂർണതാരുണ്യത്തോടെ പിറന്നുവീഴുകയും, പിന്നീട് പതുക്കെപ്പതുക്കെ ദീർഘമായ ഒരു വാർദ്ധക്യത്തിലേക്ക് നിരങ്ങിയിറങ്ങുകയും ചെയ്ത അനുഭവവുമുണ്ട്.

മലയാളത്തിലെ നാടകകലയ്ക്കു് ഒരു യൗവനകാലംതന്നെ ഉണ്ടായിട്ടില്ലെന്നുണ്ടോ? ബാല്യത്തിൽനിന്ന് നേരിട്ട് ആ കല വാർദ്ധക്യത്തിലേക്കു പ്രവേശിക്കുകയാണോ ഉണ്ടായതു്? ആദ്യകാലത്തിൽ, തമിഴ്നാടകവേദിയെ അനുകരിച്ച്, ഏറെ സംഗീതവും കുറച്ച് അഭിനയവുമായി ആരംഭിച്ച മലയാളനാടകം വാർദ്ധക്യം ബാധിച്ചപോലെ പിച്ചും പേയും പറയുന്നതല്ലേ ഈ ശതാബ്ദിവർഷത്തിൽ നാം കാണുന്നതു്?

സംഗീത നാടകത്തിൽനിന്ന് തിരുനാറാം പ്രഹസനങ്ങളിലേക്കുണ്ടായ വളർച്ച, രംഗവേദിയിൽ റിയലിസ്റ്റ് അഭിനയത്തിനു പ്രതിഷ്ഠ നൽകാനു

ള്ള ശ്രമമെന്ന നിലയിൽ തികച്ചും പുരോഗമനപരമായിരുന്നു. ഈ പരിശ്രമത്തിനു ഫലസിദ്ധിയുണ്ടായതു്, പില്ക്കാലത്തു് പ്രശ്നനാടകങ്ങൾ ധിഷണാശാലികളായ പ്രേക്ഷകരുടെ മുഴുവൻ ശ്രദ്ധ പിടിച്ചടക്കിയപ്പോഴാണു്. ഇ. വി. കൃഷ്ണപിള്ളയുടെയും അനുയായികളുടെയും റൊമാൻറിക് നാടകങ്ങളും, സി. വി. രാമൻപിള്ളയുടെയും ചന്തുമേനോൻെറയും നോവലുകളുടെ നാടകാവിഷ്കരണങ്ങളും, പില്ക്കാലത്തെ സാമൂഹ്യനാടകങ്ങളും രാഷ്ട്രീയനാടകങ്ങളും എല്ലാം ചേർന്നു്, കേരളത്തിൽ അരോഗവും ഭദ്രവും ജനപ്രിയവുമായ ഒരു നാടകവേദി വളർന്നുവരുമെന്ന തോന്നൽ ഉളവാക്കിയിരുന്നു. ഇടക്കാലത്തു് നാടകം ഒരു ബഹുജനപ്രസ്ഥാനമായി ബഹുജനങ്ങളുടെ അഭിലാഷങ്ങൾക്കു് കലാത്മകമായ ഊർജിതരൂപം നൽകുന്ന സഫലമാധ്യമമായി രൂപപ്പെടുകകൂടി ചെയ്തിരുന്നു.

എന്നാൽ, നാടകത്തിനു കേരളത്തിൽ വേരുറപ്പുകയുണ്ടായില്ല. സുസ്ഥിരമായ ഒരു ഭൗതികാടിസ്ഥാനമില്ലാതെ ഒരു രാജ്യത്തും, ഒരു കാലത്തും, നാടകകലയുടെ വേരുറച്ചിട്ടില്ല. രംഗശാലയ്ക്കകത്തു്, യവനിക മുതലായ പല സംവിധാനങ്ങളുടെ സഹായത്തോടെ, രൂപം കൊള്ളേണ്ട കലയാണു് നാടകം. തിയേററർ ഇല്ലാതെ നാടകമില്ല രണ്ടായിരത്തിലേറെ വർഷങ്ങൾമുമ്പു്, ലോകത്തിൽ ആദ്യത്തെ നാടകശാസ്ത്രം എഴുതിയ ഭരതൻ, വ്യത്യസ്തരൂപങ്ങളിലുള്ള നാടകശാലകളെപ്പററി പ്രതിപാദിച്ചുകൊണ്ടാണു് തൻെറ വിഖ്യാത ഗ്രന്ഥം ആരംഭിച്ചതു്. ക്ഷേത്രങ്ങളിലെ ശില്പബന്ധുരങ്ങളായ കൂത്തമ്പലങ്ങൾ . കാണിക്കുന്നതും മറെറാന്നല്ല. നാടകം വളരണമോ, നാടകത്തിനു മാത്രമായി സമർപ്പിക്കപ്പെട്ട തിയേററുകൾ വേണം. വലിയ വാടകയ്ക്കു് വല്ലപ്പോഴും മാത്രം കിട്ടുന്ന, രംഗസജ്ജീകരണത്തിനു് ഒരു സൗകര്യവുമില്ലാത്ത, പൊതുഹാളുകളിൽ കൊല്ലത്തിൽ ഒന്നോ രണ്ടോ ദിവസം നാടകം കളിച്ചതുകൊണ്ടു് ഒരു രാജ്യത്തിലും നാടകകലയ്ക്കു് വേരുറയ്ക്കുകയില്ല.

കേരളത്തിൽ നാടക കല വളരണമോ? വേരുറയ്ക്കണമോ? എങ്കിൽ ആദ്യം ചെയ്യേണ്ടതു്, നമ്മുടെ നഗരങ്ങളിലും വലിയ പഞ്ചായത്തുകളിലും നാടകാഭിനയത്തിനു മാത്രമായി സംവിധാനം ചെയ്യപ്പെട്ട തിയേററുകൾ ഉണ്ടാക്കുകയാണു്. ഇവ നാടകാഭിനയത്തിനല്ലാതെ മറേറതെങ്കിലും ആവശ്യത്തിനു കൊടുക്കരുതു്. മിനിമം രംഗസജ്ജീകരണങ്ങൾ, ദീപ-ശബ്ദ സംവിധാനങ്ങൾ, അണിയറസൗകര്യങ്ങൾ, ഇരുപ്പിടങ്ങൾ മുതലായവ, നാടകാഭിനയത്തെ മാത്രം ലക്ഷ്യമാക്കി, ഇവയിൽ നിർമിച്ചിരിക്കണം. നാമമാത്രമായ വാടകയ്ക്കു് ഇവ നാടകസംഘങ്ങൾക്കു ലഭ്യമാക്കുകയും വേണം. നാടക കലയുടെ ഈ ഭൗതിക സാഹചര്യങ്ങൾ, പരിഷ്കൃത രാജ്യങ്ങളിലെല്ലാം സർക്കാരുകളോ, പ്രാദേശിക ഭരണസ്ഥാപനങ്ങളോ, പൊതുട്രസ്റ്റുകളോ, ഉണ്ടാക്കി നിലനിറുത്തിവരുന്നുണ്ടു്. നമ്മുടെ സർക്കാരും മുനിസിപ്പാലിററികളും പഞ്ചായത്തുകളും ഈ കടമ നിർവഹിക്കാനൊരുങ്ങുംവരെ കേരളത്തിലെ നാടകകലയ്ക്കു് ഒരു വളർച്ചയും ഉണ്ടാകാൻപോകുന്നില്ല; അതിൻെറ ഒരു വേരും മണ്ണിലേക്കു് ഇറങ്ങുകയുമില്ല.

ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കാമോ? എന്നാൽ, മാനുഷിക വിഭവങ്ങൾ തനിയെ രംഗത്തു വരും. സമർത്ഥരായ നടീനടന്മാർ, ഗായകന്മാർ, നർത്തകർ, രംഗശില്പികൾ, സംവിധായകന്മാർ, ഭരണവിദഗ്ദ്ധന്മാർ എന്നിവരടങ്ങിയ 'നാടകസമൂഹ'ത്തെയാണു് മാനുഷിക വിഭവങ്ങൾ എന്നതുകൊണ്ടു വിവക്ഷിച്ചതു്. നാടകം ഒരു കലയും ഒരു വ്യവസായവുമാണു്. നല്ല പ്രതിഭയും അഭ്യാസവും സംഘടനാസാമർത്ഥ്യവും കച്ചവടക്കണ്ണും ഉള്ളവർക്കേ നാടകസംവിധായകരാവാൻ കഴിയൂ. അത്തരക്കാർ

കേരളത്തിൽ ധാരാളം ഉണ്ടായിട്ടുണ്ട്; ഇപ്പോഴും ഉണ്ടുതാനും. സാഹചര്യങ്ങൾ ലഭിച്ചാൽ അവർ നാടകകലയെ സമ്പന്നമാക്കിക്കൊള്ളും.

ആണ്ടിൽ ഒന്നോ രണ്ടോ നാടകം അഭിനയിച്ച് പിരിഞ്ഞുപോകുന്നവരെക്കൊണ്ട് നാടകകലയ്ക്ക് ഒരു നേട്ടവും ഉണ്ടാവുകയില്ല. ആരാധനയായി, സാധനയായി, തൊഴിലായി, ജീവിതമാർഗമായി, ധനാർജനോപായമായി നാടകത്തെ അംഗീകരിച്ചവരിൽനിന്നു മാത്രമേ ഈ കലയ്ക്ക് ഗണ്യമായ സംഭാവന പ്രതീക്ഷിക്കേണ്ടതുള്ളൂ. ആണ്ടിൽ വൃശ്ചികംമുതൽ എടവംവരെ ദിവസേന നാടകാഭിനയവും, എടവംമുതൽ വൃശ്ചികംവരെ ദിവസേന റിഹേഴ്സലും നടത്തുന്ന നാടകസമൂഹങ്ങൾ (തിയേട്രിക്കൽ ഗ്രൂപ്പുകൾ) ഓരോ നാടകശാലയോടും അനുബന്ധിച്ച് ഉണ്ടാവണം. ഇവർ മൂന്നോ നാലോ മാസം തങ്ങളുടെ പ്രദേശത്തെ തിയേററിൽ ദിവസേന പ്രദർശനം നടത്തുകയും, മററു കാലങ്ങളിൽ മററു നഗരങ്ങളിൽ സഞ്ചരിച്ച് പ്രദർശനം നടത്തുകയും വേണം. പരിഷ്കൃതരാജ്യങ്ങളിൽ ചെയ്യുംപോലെ, ഇത്തരം സ്ഥിരം നാടകസമൂഹങ്ങൾക്ക് ശമ്പളമോ സഹായധനമോ നൽകുന്നതിനു സർക്കാരോ പ്രാദേശിക ഭരണസ്ഥാപനങ്ങളോ മുന്നോട്ടു വരണം. സ്കൂളുകൾവഴി വിദ്യാഭ്യാസം നൽകുന്നതു് തങ്ങളുടെ ചുമതലയായി സർക്കാർ അംഗീകരിച്ചിട്ടുണ്ടല്ലോ. തിയേററുകൾ ഒരുതരം സ്കൂളുകൾതന്നെയാണ്. അവയിലൂടെ ജനത സാംസ്കാരിക ശിക്ഷണം നേടുന്നു. അവയ്ക്കും സർക്കാർ സഹായം നൽകണം. ഈ തത്ത്വം, മററു പരിഷ്കൃത സർക്കാരുകൾപോലെ, നമ്മുടെ സർക്കാരുകളും അംഗീകരിക്കുകതന്നെ വേണം.

സ്കൂളുകളുമായി തിയേററുകളെ ഏകീകരിക്കുകയുണ്ടായല്ലോ. സ്കൂളുകളിൽ നൽകുന്ന വിദ്യാഭ്യാസത്തിന്റെ ആധാരം സർവാംഗീകൃതങ്ങളായ ശാസ്ത്ര-മാനവിക തത്ത്വങ്ങളാകുന്നു. അതിനാൽ വിദ്യാഭ്യാസം, ഏതു രാജ്യത്തും, ഒട്ടൊക്കെ യാഥാസ്ഥിതികവും നിലവിലുള്ള വ്യവസ്ഥിതിക്ക് താങ്ങു കൊടുക്കുന്നതുമാണ്. നാടകകലയും അങ്ങനെയായിരിക്കണം. സാധാരണക്കാർക്കു രസിക്കുന്നതാവണം സാധാരണ നാടകം. അതിൽ കഥ വേണം; കരുത്തുള്ള കഥാപാത്രങ്ങൾ വേണം. സംഘട്ടനതീവ്രതയുള്ള സന്ദർഭങ്ങൾ വേണം; ചടുലമായ സംഭാഷണം വേണം. സമർത്ഥമായ ഭാവാഭിനയം വേണം. ലോകത്തിലെങ്ങുമുള്ള തിയേററുകളിൽ ആണ്ടിൽ അധിക ദിവസവും അരങ്ങേറുന്നതു് ഇത്തരം സാധാരണ നാടകങ്ങളാണ്. സോവിയററ് യൂണിയനിൽ മാത്രമല്ല, പശ്ചിമ യൂറോപ്പിലും, ഇന്നും കൂടുതൽ അരങ്ങുകൾ കിട്ടുന്നതു് ഷേക്സ്പിയറുടെ നാടകങ്ങൾക്കാകുന്നു. ജനകീയ ചൈന ഈയാണ്ടിൽ ശാകുന്തളം കളിക്കാൻ പോകുന്നു. ചെക്കോവിന്റെ നാടകങ്ങൾക്ക് ഇന്നും ലോകത്തിലെ എല്ലാ നാടകശാലകളിലും സ്ഥാനമുണ്ട്. ലോക നാടകസാഹിത്യത്തിലെ ഉജ്ജ്വലപ്രതിഭകളെ പുതിയ പുതിയ പ്രേക്ഷകർക്കു് വീണ്ടും വീണ്ടും വ്യാഖ്യാനിച്ചുകൊടുക്കുകയാണ് തങ്ങളുടെ മുഖ്യ കർത്തവ്യമെന്നു് ലോകനാടകവേദി ഇപ്പോഴും കരുതിപ്പോരുന്നു.

ഇതിനർത്ഥം പരീക്ഷണങ്ങൾ വേണ്ടെന്നാണോ? അല്ല. പരീക്ഷണങ്ങൾ വേണം. അവയിലൂടെയാണു പുതിയ വളർച്ച. പക്ഷേ, പരീക്ഷണങ്ങൾ മാത്രം പോരാ. രോഗം മാറാൻ മരുന്നു കഴിക്കണം. പക്ഷേ, ഭക്ഷണത്തിനു പകരം മരുന്നു മതിയോ? ഭക്ഷണത്തിനു ശേഷം, ആവശ്യമുണ്ടെങ്കിൽ ആവശ്യത്തിനു മാത്രം, മരുന്നു് ഉപയോഗിക്കുക. കലയിലെ പരീക്ഷണങ്ങൾ ആഹാരത്തിലെ മരുന്നുപോലെയാണ്. ആവർത്തിച്ചാവർത്തിച്ച് ഏകരസതമൂലം മടുപ്പുളവാക്കുന്ന കലയിൽ പുതുമ വരുത്താൻ പരീക്ഷണങ്ങൾ വേണം. നൂറു തിയേററുകളിൽ ലബ്ധപ്രതിഷ്ഠങ്ങളായ നാടകങ്ങൾ ചിരസമ്മതരീതിയിൽ കളിക്കുമ്പോൾ, രണ്ടു തിയേററുക

ളിൽ പരീക്ഷണനാടകങ്ങൾ നടക്കട്ടെ. ബ്രോഡ്‌വേ തീയേററുകളിൽ വ്യവസായ വിജയങ്ങൾ; ഇടവഴിത്തീയേററുകളിൽ പരീക്ഷണങ്ങൾ— ഇതാണ് പരിഷ്കൃതരാജ്യങ്ങളിലെ സ്ഥിതി. ഷേക്സ്പിയർ നാടകങ്ങളോ ഓനീൽ നാടകങ്ങളോ കണ്ടു മടുത്തവർ 'ഗോദോ'വിനെ കാത്തു നില്ക്കാൻ ഒരു രാത്രി ചെലവഴിച്ചുകൊള്ളട്ടെ.

കേരളത്തിലോ? കേരളത്തിൽ ഇന്നു നാടകമില്ല; പരീക്ഷണമേയുള്ളു. കോഴിക്കോട്ട് സർവകലാശാലയിലെ ഡ്രാമാ സ്കൂളിനോട് എനിക്ക് അത്യന്തം ആദരവുണ്ട്. പ്രൊഫസർ ജി. ശങ്കരപ്പിള്ളയുടെ അർപ്പണബോധത്തിനു മുമ്പിൽ ഞാൻ നമസ്കരിക്കുന്നു. തിരുവനന്തപുരത്തെ 'തിരുവരങ്ങി'നോടും, അതുപോലെയുള്ള മററു പരീക്ഷണഗ്രൂപ്പുകളോടും എനിക്ക് ബഹുമാനമാണ്. എന്നിട്ടും, അവരുടെ പ്രവർത്തനങ്ങൾ മലയാളനാടകവേദിയുടെ സ്വാഭാവികമായ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതിനു പകരം, അതിന്റെ വളർച്ച മുരടിപ്പിക്കാനും വളച്ചൊടിക്കാനുമാണ് ഇന്നോളം കാരണമായിട്ടുള്ളതെന്നു പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു. നാടകശതാബ്ദിയുടെ ഈ വർഷത്തിൽ ഈ സത്യം തുറന്നുപറയേണ്ടതു്, ഒരു നാടകപ്രേമിയെന്ന നിലയിൽ, എന്റെ കടമയാണെന്നു ഞാൻ കരുതുന്നു.

കേരളത്തിൽ ആദ്യം ഒരു നാടകവേദിയുണ്ടാക്കുക. പരീക്ഷണം എന്നിട്ടാവാം. പട്ടിണികിടക്കുന്ന കുട്ടിക്ക് ആദ്യം ഭക്ഷണം കൊടുക്കുക. മരുന്നു പിന്നെ മതി. ആദ്യം മധ്യവർഗത്തെ നാടകത്തിലേക്ക് ആനയിക്കുക; എന്നിട്ടു മതി ധിഷണാശാലികൾക്ക് ബുദ്ധിവ്യായാമം നൽകുവാൻ. പൊതുഖജനാവിലെ പണം ഉപയോഗിച്ചു നടത്തുന്ന പ്രവർത്തനങ്ങൾ മുഖ്യമായും ബഹുജനതാല്പര്യം മുൻനിർത്തിയുള്ളവയാവണം. അതിനാൽ ഡ്രാമാ സ്കൂളിന് ഇക്കാര്യത്തിൽ പ്രത്യേകമായ ഉത്തരവാദിത്തമുണ്ട്. ബംഗാളി നാടകങ്ങളും മറാഠി നാടകങ്ങളും കൽക്കത്തയിലും ബോംബെയിലും ഇപ്പോൾ അരങ്ങേറുന്നതുപോലെ, മലയാളനാടകങ്ങളും കേരളത്തിലെ ഏതെങ്കിലും ചില തീയേററുകളിൽ ദിവസേന അരങ്ങേറുന്നതിനുള്ള സംവിധാനമാണ് അടിയന്തരമായി ഇവിടെ ഉണ്ടാവേണ്ടതു്. 'കരുണ' പോലെയും 'കാൽവരിയിലെ കല്പപാദപം' പോലെയും 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' പോലെയും ഒരുകാലത്തു് ബഹുജനങ്ങളെ ഹഠാൽ ആകർഷിച്ച നാടകങ്ങളും, ലോകനാടകവേദിയിലെ വിഖ്യാത ശില്പങ്ങളും സമകാല സൃഷ്ടികളും നോവലുകളുടെ നാടകീകരണങ്ങളും എല്ലാം, നിരന്തരമായി പ്രദർശിപ്പിക്കപ്പെടട്ടെ. കൂട്ടത്തിൽ ഇടയ്ക്ക് ഒരു ദിവസം രണ്ടു മണിക്കൂർ നമുക്ക് 'ഗോദോ'വിനു വേണ്ടിയും കാത്തു നില്ക്കാം.

കോഴിക്കോട്ട് സർവകലാശാലയുടെ ഡ്രാമാ സ്കൂൾ, ഏതായാലും, ഒരു പുനഃശ്ചിന്തനം നടത്തിയേ മതിയാവൂ. പരീക്ഷണമെന്ന പേരിൽ നമ്മുടെ നാടകവേദികളിൽ നടന്നുവരുന്ന, ഒരേ 'ഡ്രാമാ സ്കൂൾ പാറേറ'ണിൽ വാർത്തുവിട്ട അർത്ഥശൂന്യതകൾ കണ്ട് സഹികെട്ടുകൊണ്ടുകൂടിയാണ് ഇതെഴുതുന്നതു്.

കേരളത്തിൽ സജീവമായ, ഊർജസ്വലമായ, അർത്ഥപൂർണമായ, ജീവിതത്തിൽനിന്ന് മുളപൊട്ടി, ജീവിതത്തെ ഫലപുഷ്ടമാക്കുന്ന, ഒരു നാടകവേദി ഉണ്ടാവണം. നമ്മുടെ കഥകളിക്ക് ഒരു വിശ്വകലയാകാമെങ്കിൽ, നമ്മുടെ നാടകത്തിന് എന്തുകൊണ്ട് ഭാരതീയ നാടകവേദിയിലെങ്കിലും അഗ്രിമസ്ഥാനം ഉണ്ടായിക്കൂടാ? അങ്ങനെയൊരു സ്ഥാനം നേടുന്നതിനുള്ള മാർഗങ്ങൾ എന്തെന്ന്, മുൻ ധാരണകൾ വിട്ട്, നമുക്ക് ഈ ശതാബ്ദി വർഷത്തിൽ ആലോചിക്കുക.

18 ഡിസംബർ, 1981